**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2009** **09-02-2023 - ൽ മറുപടിയ്ക്ക്**

**കെ-ഡിസ്കിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് കെ-ഡിസ്ക് രൂപീകരിച്ചതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും ഏത് ചട്ടപ്രകാരമാണ് കെ-ഡിസ്ക് രൂപീകരിച്ചതെന്നും വിശദമാക്കുമോ; | (എ) | 1985 ലെ ട്രാവൻകൂർ - കൊച്ചിൻ സയന്റിഫിക് & ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം സൊസൈറ്റി ആയി രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന കെ-ഡിസ്കിന്റെ (കേരള ഡെവലപ്പ്മെന്റ് &ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ) ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br><br>സംസ്ഥാനത്തിന്റെ വികസന മേഖലകൾ നേരിടുന്ന വെല്ലുവിളികളെ ശാസ്ത്ര സാങ്കേതിക വിദ്യയുടെ യുക്തിഭദ്രമായ ഉപയോഗത്തിലൂടെ ഉൽപാദന ക്ഷമത വർദ്ധിപ്പിക്കൽ, കിടമത്സരം പ്രോത്സാഹിപ്പിക്കൽ, തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കൽ എന്നിവ വഴി നവീകരണത്തിനുള്ള പ്രോത്സാഹനം നൽകൽ, സംസ്ഥാനത്തുടനീളം പുരോഗതി കൈവരിക്കുന്നതിനാവശ്യമായ പരീക്ഷണങ്ങൾക്കും വെല്ലുവിളികൾ ഏറ്റെടുക്കുന്നതിനും സർഗ്ഗാത്മകമായ കഴിവുകൾ കൈവരിക്കുന്നതിനും ആവശ്യമായ പിന്തുണ നൽകുക. കൂടാതെ, വിവര മൂലധനം പ്രത്യേകിച്ചും ചെറുപ്പക്കാരിൽ വളർത്തിയെടുക്കുന്നതിനായി അവരുടെ ലക്ഷ്യങ്ങൾ കഴിവുകൾ, സമീപനം എന്നിവ ഉപയോഗപ്പെടുത്തിക്കൊണ്ട് ഒരു Knowledge economy talent pool ഉണ്ടാക്കിയെടുക്കുക.<br><br>ചെറുപ്പക്കാരുടെ കഴിവുകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് സ്ഥാപനങ്ങളുടെ തലത്തിൽ, വൻതോതിലുള്ള നവീകരണ പ്രവർത്തനങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ചെറുകിട, ഇടത്തരം വ്യവസായ സ്ഥാപനങ്ങളിലും, സർക്കാർ സ്ഥാപനങ്ങളിലും പൊതു-ധനകാര്യ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലും ആവശ്യമായ സൗകര്യങ്ങൾ ഒരുക്കൽ എന്നിവയും കെ-ഡിസ്ക് ലക്ഷ്യമിടുന്നു. തന്ത്രപരമായ സമീപനങ്ങളിലൂടെ സർവ്വകലാശാലകൾ, ഗവേഷണ കേന്ദ്രങ്ങൾ |

| | | | |
|---|---|---|---|
| | | | അക്കാദമിക്ക് സ്ഥാപനങ്ങൾ എന്നിവയുടെ കൂട്ടായ പ്രവർത്തനത്തിലൂടെ കേരള സ്റ്റാർട്ടപ്പ് മിഷന്റെ (KSUM) സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുക എന്നിവയും കെ-ഡിസ്കിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽപെടുന്നു. സുപ്രധാന മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി കേരളത്തിലെ സർവ്വകലാശാലകളുടെ സഹായത്തോടുകൂടി ഒരു ഡിജിറ്റൽ വിപ്ലവവും കെ-ഡിസ്കിന്റെ പ്രവർത്തനങ്ങളിൽപ്പെടുന്നു. |
| (ബി) | കെ-ഡിസ്കുമായി ബന്ധപ്പെട്ട ഉത്തരവുകൾ പുറപ്പെടുവിക്കുന്നത് സർക്കാർ വകുപ്പുകളാണോ; അല്ലെങ്കിൽ പ്രസ്തുത ഉത്തരവുകൾ പുറപ്പെടുവിക്കുന്നത് ആരാണെന്നും ഏത് ചട്ടപ്രകാരമാണെന്നും വിശദമാക്കുമോ? | (ബി) | പ്ലാനിംഗ് (ഡെവലപ്പ്മെന്റ് ആൻഡ് ഇന്നോവേഷൻ) വകുപ്പ് , പ്ലാനിംഗ് ആൻഡ് ഇക്കണോമിക് അഫയർസ് വകുപ്പ് എന്നീ വകുപ്പുകളാണ് കെ-ഡിസ്കുമായി ബന്ധപ്പെട്ട ഉത്തരവുകൾ പുറപ്പെടുവിക്കുന്നത് |

സെക്ഷൻ ഓഫീസർ